(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) അനന്തര നടപടികൾ ഹൈക്കോടതി തൽക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്.

മണ്ണെണ്ണ ദുരന്തം

195 [247] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീ മണ്ണെണ്ണ വിതരണം ചെയ്തതു കാരണം ഉണ്ടായ ദുരന്തങ്ങൾക്ക് എച്ച്.പി.സി. സഹായം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ നൽകിയ തുക എത്ര ;

(സി) തീ മണ്ണെണ്ണ ദുരന്തത്തിന് ഇരയായവർക്ക് നൽകിയ സഹായധനം ആകെ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണെണ്ണ ദുരന്തത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എച്ച്.പി.സി. 17 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(സി) പത്തൊൻപത് ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ് രൂപാ (രൂ. 19,70,700) ഇതേവരെ നൽകിയിട്ടുണ്ട്.

മാവേലി സ്റ്റോറുകൾ

196 [248] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകൾ ഉണ്ട്. എത്ര സഹകരണ മാവേലി സ്റ്റോറുകൾ ഉണ്ട് ;

(ബി) മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 3 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളും 10 സൂപ്പർ മാവേലി സ്റ്റോറുകളും ഉൾപ്പെടെ 162 മാവേലിസ്റ്റോറുകൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഉണ്ട്. സഹകരണ മാവേലിസ്റ്റോറുകളുടെ എണ്ണം 1400 ആണ്.

(ബി) എല്ലാ താലൂക്കാസ്ഥാനങ്ങളിലും എല്ലാ മുനിസിപ്പൽ പട്ടണങ്ങളിലും ഓരോ മാവേലിസ്റ്റോർ അനുവദിക്കുക എന്നുള്ളതാണ് പൊതുവായ മാനദണ്ഡം. എങ്കിലും ചില സംഘടനകൾ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് കൂടുതൽ മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. നഷ്ടം കൂടാതെ പ്രവർത്തിപ്പിക്കാവുന്ന സ്ഥലങ്ങളിൽ സ്റ്റോറുകൾ അനുവദിക്കുക എന്ന നയമാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്.

(സി) നഷ്ടം വരാതെ പ്രവർത്തിപ്പിക്കാവുന്ന സ്ഥലങ്ങളിൽ ആവശ്യാനുസരണം സ്റ്റോറുകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly